കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാനത്തെ വികസന അതോറിറ്റിയിലെ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈയ്യെഴുത്ത്)നം.245/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തിയതി: 06/07/2013

---

പരാമർശം:
1. 30/03/2007ലെ സ.ഉ.(കൈ)നം.98/2007/ത.സ്വ.ഭ.വ.
2. കോഴിക്കോട് നഗരസഭ സെക്രട്ടറിയുടെ 06.10.2008ലെ 2101/എ 1/77/ ഡി.ഡി.എ.(ഡി.ഡബ്ള്യൂ), 20/10/2008ലെ 1908/എ 2/96/ ഡി.ഡബ്ള്യൂ,20/04/2009 ലെ 25975/എ 1/09/ഡി.ഡബ്ള്യൂ നമ്പർ കത്തുകൾ
3. തദ്ദേശസ്വയംഭരണ(ഇ.യു)വകുപ്പിന്റെ 12/03/2009ലെ 12706/ഇ.യു.1/09/ത.സ്വ.ഭ.വ.നം.കത്ത്.
4. തൃശ്ശൂർ നഗരസഭ സെക്രട്ടറിയുടെ 20/03/2009ലെ ഡി.ഡബ്ള്യൂ/7202/09 നം കത്ത്.
5. കൊല്ലം നഗരസഭ സെക്രട്ടറിയുടെ 24/03/2009 ലെ ജി1/33373/07/നം കത്ത്.
6. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 02/04/2009ലെ ഇ 9/2724/09/സി.ഇ/ത.സ്വ.ഭ.വ., 05/01/2011ലെ ഇ 35000/07/ സി.ഇ/ത.സ്വ.ഭ.വ നം. കത്തുകൾ.
7. നഗരകാര്യഡയറക്ടറുടെ 01/01/2010, 13/05/2010, 27/08/2012 തിയതികളിലെ ഇ 4/10894/09 നമ്പറും, 08/06/2012, 18/09/2012 തിയതികളിലെ ഇ 6/87/12 നമ്പറും, 18/09/2012ലെ ഇ 12/8921/12 നമ്പറും കത്തുകൾ.
8. 26/02/2011ലെ സ.ഉ.(കൈ)നം.61/2011/ത.സ്വ.ഭ.വ.
9. കോഴിക്കോട് വികസന അതോറിറ്റി സ്റ്റാഫ് വെൽഫെയർ ഫോറം സെക്രട്ടറിയുടെ 26/04/2011ലെ 01/CDASWF/2011 നമ്പർ നിവേദനം.
10. കോഴിക്കോട് വികസന അതോറിറ്റി എംപ്ളോയീസ് ഫോറം സെക്രട്ടറിയുടെ 02/01/2012, 25/09/2012 തിയതികളിലെ നിവേദനം.
11. തൃശ്ശൂർ കോർപ്പറേഷൻ വികസനവിഭാഗം ജീവനക്കാർ 22/02/2012ന് ബഹു.നഗരകാര്യ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
12. 21/06/2010ലെ 37900/ഐ.എ 3/10/ത.സ്വ.ഭ.വ.നം.കത്ത്.
13. സ്റ്റേറ്റ് എംപ്ളോയീസ് യൂണിയൻ സംസ്ഥാനകമ്മിറ്റി ജനറൽ സെക്രട്ടറിയുടെ 18/06/2012ലെ SEUP/150/2012, 14/08/12 ലെ SEU/P/107/2012 നം. നിവേദനം
14. വിശാല കൊച്ചി വികസനഅതോറിറ്റി എംപ്ളോയീസ് യൂണിയൻ ജനറൽ സെക്രട്ടറിയുടെ 24/04/2013ലെ നിവേദനം.
15. വിശാല കൊച്ചി വികസനഅതോറിറ്റി സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 04/05/2013ലെ നിവേദനം.
16. 21/05/2013 തിയതിയിലെ സ.ഉ.(കൈ)നം.191/2013/ത.സ്വ.ഭ.വ.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസനഅതോറിറ്റികളുടെ ആസ്തി, ബാദ്ധ്യതകൾ എന്നിവ അതാത് കോർപ്പറേഷനുകൾക്ക് കൈമാറിയും പ്രസ്തുത വികസനഅതോറിറ്റി കളിലെ ജീവനക്കാരെ അതാതു കോർപ്പറേഷനുകളിൽ വികസനവിഭാഗമായി നിലനിർത്തിയും ഉത്തരവായിരുന്നു.

2. തുടർന്ന് പ്രസ്തുത ജീവനക്കാരിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ മുനിസിപ്പൽ കോമൺസർവ്വീസിലേയ്ക്കും, സാങ്കേതികവിഭാഗം ജീവനക്കാരെ തദ്ദേശസ്വയംഭരണ എഞ്ചിനിയറിങ്ങ് സർവ്വീസിലേയ്ക്കും ലയിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ വിവിധ സർവ്വീസ് സംഘടനകളിൽ നിന്നും, നിലവിലുള്ള വികസനഅതോറിറ്റികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും നിരന്തരമായി ആവശ്യങ്ങൾ ഉയർന്നിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 16 ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ കൊല്ലം, തൃശ്ശൂർ, കോഴിക്കോട്, വികസനഅതോറിറ്റികളുടെ പ്രവർത്തനങ്ങൾ തുടരുന്നതിന് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ അതാതു കോർപ്പറേഷനുകളിലെ വികസനവിഭാഗം ഉൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള വികസന അതോറിറ്റികളിൽ നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ സേവനം അതാതു വികസനഅതോറിറ്റികൾക്ക് അത്യന്താപേക്ഷിതമാകയാൽ സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ വികസനവിഭാഗം ഉൾപ്പെടെ വിവിധ വികസനഅതോറിറ്റികളിലെ ജീവനക്കാരെ മുനിസിപ്പൽ കോമൺസർവ്വീസിൽ ലയിപ്പിക്കേണ്ട എന്നു തീരുമാനിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. രാജൻ ഖൊബ്രാഗഡെ

സെക്രട്ടറി

ചെയർമാൻ, തിരുവനന്തപുരം, വിശാല കൊച്ചി ,കൊല്ലം, തൃശ്ശൂർ,കോഴിക്കോട്, വികസന അതോറിറ്റികൾ.
സെക്രട്ടറി, തിരുവനന്തപുരം, വിശാല കൊച്ചി,കൊല്ലം, തൃശ്ശൂർ,കോഴിക്കോട്, വികസന അതോറിറ്റികൾ.
സെക്രട്ടറി, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ,കോഴിക്കോട് നഗരസഭകൾ.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ)കേരള, തിരുവനന്തപുരം.
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൌൺ പ്ളാനർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണവകുപ്പ്.
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി)
തദ്ദേശസ്വയംഭരണവകുപ് (ഇ.യു/ഇ.ഡബ്ളി.യു)വകുപ്പ്.
സഞ്ചിതഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**